# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3506** — 08-11-2019-ൽ മറുപടി നൽകേണ്ടത്

**കോട്ടയം സയൻസ് സിറ്റി പ്ലാനറ്റേറിയത്തിന്റെ നിർമ്മാണ പുരോഗതി**

**ചോദ്യം**
ശ്രീ.മോൻസ് ജോസഫ് :

**ഉത്തരം**
ഡോ. കെ .ടി. ജലീൽ
(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കീഴിലുള്ള കോട്ടയം സയൻസ് സിറ്റിയിലെ പ്ലാനറ്റോറിയം പണിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | കോട്ടയം സയൻസ് സിറ്റി പ്ലാനറ്റോറിയത്തിലെ സ്പെയ്സ് തിയേറ്ററിന്റെ കെട്ടിട നിർമ്മാണ പണികൾ 65% പൂർത്തീകരിച്ചു. പ്രസ്തുത കെട്ടിടത്തിന്റെ സ്ട്രക്ചർ ജോലികൾ പൂർത്തിയായി. പ്രൊജക്ഷൻ സിസ്റ്റത്തി നായി സർക്കാർ മാനദണ്ഡം പാലിച്ച് ഗ്ലോബൽ ഇ-ടെണ്ടർ ക്ഷണിച്ച് ജർമ്മൻ കമ്പനിയായ കാൾസീസിനോട് എഗ്രിമെന്റ് വെച്ച് Supply order നല്കിയിട്ടുണ്ട്. |
| (ബി) | സ്പെയിസ് തിയേറ്റർ നിർമ്മാണത്തിന്റെ ഭാഗമായി മൈക്രോ കോൺക്രീറ്റിംഗ് പണിയുടെ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണോ എന്നറിയിക്കാമോ; | (ബി) | സ്പെയസ് തിയേറ്റർ നിർമ്മാണത്തിന്റെ ഭാഗമായി മൈക്രോ കോൺക്രീറ്റിംഗ് പണിയുടെ നിർമ്മാണം നിർത്തി വെച്ചിട്ടില്ല. |
| (സി) | ഈ സ്ഥാപനത്തിലെ ഡ്രായിംഗുകളും സ്പെസിഫിക്കേഷനുകളും പ്രകാരം പണി നടത്തുവാൻ കഴിയുന്നുണ്ടോ എന്നറിയിക്കാമോ; സിവിൽ കോൺട്രാക്ടറുടെ പരിജ്ഞാനക്കുറവ് പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നുണ്ടോ; | (സി) | കോട്ടയം സയൻസ് സിറ്റി പ്ലാനറ്റോറിയത്തിലെ പ്രൊജക്ടുകൾക്ക് ആവശ്യമായ Architectural Drawing- ഉം Structural Drawing-ഉം. തയ്യാറാക്കിയത് ടെണ്ടർ മുഖേന കൺസൾട്ടൻസി ഏല്പിച്ച ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുഖേനയാണ്. അതേ തുടർന്ന് Chennai IIT പരിശോധിച്ച് അംഗീകരിച്ച Structural Drawing പ്രകാരം കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | പൊതുമേഖലാ സ്ഥാപനമായ HLL Life Care Limited സാങ്കേതിക അനുമതി നല്കിയിട്ടുണ്ട്. സാങ്കേതിക പരിമിതികൾ കാരണം ടെണ്ടർ മുഖാന്തിരം പ്രവർത്തികൾ ഏറ്റെടുത്ത കോൺട്രാക്ടർ പണി പൂർത്തിയാക്കിയിട്ടില്ല. |
| (ഡി) | പ്രോജക്ട് മാനേജ്മെൻറ് കൺസൾട്ടൻസിയുടെ പ്രവർത്തനങ്ങൾ ഏതുരീതിയിൽ നടക്കുന്നുവെന്ന് അറിയിക്കാമോ; | (ഡി) | HLL Life Care Limited എന്ന പൊതുമേഖലാസ്ഥാപനത്തെ സയൻസ് സിറ്റി പ്രൊജക്ടിലെ രണ്ട് പ്രധാന പ്രവൃത്തികളുടെ Project Management Consultant (PMC) ആയി നിയമിച്ചിട്ടുള്ളതാകുന്നു. എന്നാൽ സമയബന്ധിതമായി പണി മുന്നോട്ടു കൊണ്ടുപോകാൻ Project Management Consultancy-യ്ക്ക് സാധിച്ചിട്ടില്ല. |
| (ഇ) | സെൻട്രൽ ഗവൺമെന്റ് കമ്പനിയായ എച്ച്.എൽ.എൽ. പുതിയ നിർദ്ദേശം നൽകിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ഇ) | ഉണ്ട്. ഇതനുസരിച്ച് അടങ്കൽ തുകയിൽ വരാവുന്ന വ്യതിയാനം HLL Life Care Limited കണക്കാക്കിക്കൊണ്ടിരിക്കുന്നു. |
| (എഫ്) | സയൻസ് സിറ്റിയുടെ പ്രവർത്തനം എന്നേക്ക് ആരംഭിക്കാൻ കഴിയും എന്നറിയിക്കാമോ; സയൻസ് സിറ്റിയുടെ നിർമ്മാണത്തിൽ കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന സർക്കാരിന്റെയും വിഹിതം എത്രയാണെന്ന് അറിയിക്കാമോ; ഇതിൽ കേന്ദ്രഗവൺമെന്റ് വിഹിതം പൂർണ്ണമായും ലഭിച്ചു കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ; | (എഫ്) | 2020-21 സാമ്പത്തിക വർഷത്തിൽ ഉദ്ഘാടനം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>കേന്ദ്ര സർക്കാരിന്റേയും കേരള സർക്കാരിന്റേയും വിഹിതം 50:50 എന്ന അനുപാതത്തിൽ ആണ് കോട്ടയം സയൻസ് സിറ്റിയിലെ റീജിയണൽ സയൻസ് സെന്ററിന്റെ നിർമ്മാണം. ഇതിൽ കേന്ദ്ര വിഹിതം നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയം (NCSM), മുഖാന്തിരം നേരിട്ട് പ്രോജക്ട് വർക്ക് ആയി പൂർത്തീകരിച്ചാണ് കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് കൈമാറുന്നത്. ടി പ്രോജക്ടിന്റെ പണികൾ ഏകദേശം 95% പൂർത്തിയായിട്ടുണ്ട്. |
| (ജി) | സയൻസ് സിറ്റിയിൽ ഇപ്പോൾ നടക്കുന്ന മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് | (ജി) | കോട്ടയം സയൻസ് സിറ്റിയിൽ താഴെ പറയുന്ന നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | വിശദീകരിക്കാമോ; സയൻസ് സിറ്റിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് 10/7/2019 ൽ വകുപ്പമന്ത്രിയുടെ ചേമ്പറിൽ യോഗം ചേർന്നതിനുശേഷം എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്തിയോ എന്ന് വ്യക്തമാക്കാമോ? | | 1 Regional Science Centre നിർമ്മാണം.<br>2 Space Theatre നിർമ്മാണം.<br>3 Edutainment Components നിർമ്മാണം.<br>4 മുൻഭാഗ Compound Wall ഉം ഗേറ്റും നിർമ്മാണം.<br>5 ആന്തരിക റോഡുകളുടെ നിർമ്മാണം.<br>6 Food Court/Overhead Tank/Observatory നിർമ്മാണം<br>7 Substation- ഉം അനുബന്ധ ഘടകങ്ങളും.<br><br>10/7/2019 ൽ വകുപ്പമന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ